# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4456** | **01-07-2024 - ൽ മറുപടിയ്ക്ക്**

## വ്യവസായ വകുപ്പിനു കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുമേഖലയിൽ സഹകരണ സ്പിന്നിംഗ് മില്ലുകൾ നിലവിൽ അടഞ്ഞു കിടക്കുന്നുണ്ടോയെന്നും അവ തുറന്നു പ്രവർത്തിക്കാൻ സാധിക്കുമോയെന്നും വെളിപ്പെടുത്താമോ; | (എ) | ടെക്സ്ഫെഡിന്റെ കീഴിലുള്ള സഹകരണ സ്പിന്നിംഗ് മിൽ ആയ തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ നിലവിൽ അടഞ്ഞ് കിടക്കുകയാണ്. പ്രസ്തുത മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനെ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സഹകരണ നിയമത്തിലെ വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തുവാൻ തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ഡെപ്യൂട്ടി രജിസ്ട്രാറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിയ്ക്കുന്ന മുറയ്ക്ക് ആവശ്യമായ തുടർനടപടി സ്വീകരിയ്ക്കുന്നതാണ്. |
| (ബി) | സ്വകാര്യ വ്യക്തികൾക്ക് ജോബ് വർക്ക് രൂപേണ ഏതെങ്കിലും സ്പിന്നിംഗ് മില്ലുകൾ നടത്തിപ്പിന് കൊടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | ഉണ്ട്. ടെക്സ്ഫെഡിന് കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളായ കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ, മാൽക്കോടെക്സ് എന്നീ മില്ലുകൾ ജോബ് കൺവർഷൻ വ്യവസ്ഥയിൽ പ്രവർത്തിക്കുന്നുണ്ട്. കണ്ണൂർ മിൽ ഭാഗികമായി ജോബ് കൺവർഷൻ വ്യവസ്ഥയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. |
| (സി) | സംസ്ഥാനത്ത് വ്യവസായ വകുപ്പിനു കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളിൽ നിലവിലുള്ള എം.ഡി. മാർ ആരൊക്കെയാണ്; അധിക ചുമതലയിൽ ഏതെല്ലാം എം.ഡി. മാർ തുടരുന്നുണ്ട്; അവരുടെ പേര്, വിദ്യഭ്യാസ യോഗ്യത, നിയമന കാലയളവ് എന്നിവ വ്യക്തമാക്കാമോ; | (സി) | 1. മലപ്പുറം സഹകരണ മില്ലിന്റെ മിൽ മാനേജരായ ശ്രീ. പി.എസ് ശ്രീകുമാറിന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ ജനറൽ മാനേജർ/CEO ആയും തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ മാനേജിംഗ് ഡയറക്ടറായും അധിക ചുമതല നൽകിയിട്ടുണ്ട്.<br><br>വിദ്യാഭ്യാസ യോഗ്യത : BCA, Diploma In Textile Technology, MBA<br><br>2. കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ ജനറൽ മാനേജരായ ശ്രീ.സി.ആർ.രമേശ്, പ്രസ്തുത മില്ലിന്റെയും മലബാർ കോപ്പറേറ്റീവ് ടെക്സ്റ്റൈൽസിന്റെയും മാനേജിംഗ് ഡയറക്ടറായി അധിക ചുമതല വഹിക്കുന്നു. |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസ യോഗ്യത :Diploma In Textile Technology<br><br>3.മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിന്റെ മാനേജിംഗ് ഡയറക്ടർ ശ്രീ. എം കെ. സലിം ടെക്സ്ഫെഡ്, പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ എന്നിവയിൽ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല വഹിച്ചിരുന്നു.<br><br>വിദ്യാഭ്യാസ യോഗ്യത :MSW (Specialisation In Personal Management& Labour welfare)<br><br>4) കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ ഫിനാൻഷ്യൽ കൺട്രോളറായ ശ്രീ. ഉമേഷ് കൃഷ്ണൻ പ്രസ്തുത മില്ലിന്റെ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല വഹിക്കുന്നു.<br><br>വിദ്യാഭ്യാസ യോഗ്യത : Mcom, MBA, Mphil<br><br>5) തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീമതി. ഷീബ. എസ്. കെ.കരുണാകരൻ മെമ്മോറിയൽ സഹകരണ സ്പിന്നിംഗ് മില്ലിന്റെ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല വഹിക്കുന്നു. |
| (ഡി) | മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ കൂടുതൽ ലാഭകരമാക്കുന്നതിനുവേണ്ടി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ഡി) | 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ നിന്നും ടെക്സ്ഫെഡിന് കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിനായുള്ള സമഗ്ര പദ്ധതിയിൽ മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിന് അസംസ്കൃത വസ്തുവായ പരുത്തി കോട്ടൺ ബോർഡിൽ നിന്നും വാങ്ങുന്നതിനായി 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ പുതുതായി ഉദ്ദേശിക്കുന്ന സർജിക്കൽ കോട്ടൺ നിർമ്മാണ പദ്ധതി, ഒരു മെഗാ വാട്ടിന്റെ സോളാർ പ്രൊജക്ട് എന്നിവയുടെ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ